# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7896      23/7/2012 ൽ മറുപടിക്ക്

### പോലീസ് വകുപ്പിൽ മിശ്ര വിവാഹിതർക്കുള്ള അനുകൂല്യം

ചോദ്യം

ശ്രീ. പി. തിലോത്തമൻ :

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മിശ്രവിവാഹിതരായ സർക്കാർ ജീവനക്കാർക്ക് ജില്ലാന്തരസ്ഥലം മാറ്റങ്ങൾക്ക് നൽകുന്ന പരിഗണന ഇപ്രകാരമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസ് ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആനുകൂല്യം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പോലീസ് ഉദ്യോഗസ്ഥരെ മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ നിന്നും വിലക്കിക്കൊണ്ടും ട്രാൻസ്ഫർ പോലുള്ള വിഷയങ്ങളിൽ ഇവരെ ഒഴിവാക്കിക്കൊണ്ടും എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിൻെറ പകർപ്പ് ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉത്തരവുകൾ നിലവിലില്ല. |
| (ബി) മിശ്ര വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥർക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ പോലീസ് വകുപ്പിനും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ